**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1369** **10-10-2024 - ൽ മറുപടിയ്ക്ക്**

**പി.എം. ശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. ശ്രീ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച എല്ലാ വശങ്ങളും വിശദമായി പരിശോധിച്ചു വരുന്നു. പി.എം. ശ്രീ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | പി.എം. ശ്രീ പദ്ധതിയിൽ ഉൾപ്പെടുന്നതിന് ധാരണാപത്രം ഒപ്പുവച്ച സാഹചര്യത്തിൽ ദേശീയ വിദ്യാഭ്യാസ നയം പൂർണതോതിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനം നിർബന്ധിതമാകുമോ; വിശദമാക്കുമോ; | (ബി) | ധാരണാപത്രം നാളിതുവരെയും ഒപ്പുവച്ചിട്ടില്ല. |
| (സി) | പി.എം. ശ്രീ പദ്ധതിയിൽ ഉൾപ്പെടുന്ന സ്കൂളുകൾ കേന്ദ്രത്തിന്റെ ബ്രാൻഡിങ്ങിന് വഴങ്ങേണ്ടി വരുമെന്നുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | സമഗ്ര ശിക്ഷാ കേരളയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്രം അനുവദിച്ചിട്ടുള്ള വിഹിതം തടസ്സരഹിതമായി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (ഡി) | സമഗ്ര ശിക്ഷാ കേരളയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്രം അനുവദിച്ചിട്ടുള്ള വിഹിതം നാല് തുല്യ ഗഡുക്കളായി ലഭിക്കാനുള്ള തുകയിൽ ആകെ രണ്ടു ഗഡുക്കൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. രണ്ടു ഗഡുക്കൾ കുടിശ്ശികയായിട്ടുണ്ട്. 2024-25 വർഷം എസ്.എസ്.കെ. പ്രോജക്റ്റ് പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഒരു രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചിട്ടില്ല. 2023-24 വർഷം കുടിശ്ശികയായിട്ടുള്ള രണ്ടു ഗഡുക്കളിൽ അനുവദനീയമായ തുക കൂടി റീ-ഇംബേഴ്സ്മെന്റ് ആയി 2024-25 വർഷത്തെ കേന്ദ്ര വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതം അനുവദിച്ചു കിട്ടുന്നതിനുള്ള സത്വര നടപടികൾ പൊതു |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ